# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട്
(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട്
(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | I |
| മുഖവുര | : | II |
| റിപ്പോർട്ട് | : | III |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 94 |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 114 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ്

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല**

വിവിധ കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയും പഞ്ചായത്ത് അടച്ച തുക അതതു സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയുമാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | ചെലവിന്റെ വിവരം | ചെലവ് തുക (രൂപ) |
|---|---|---|---|---|
| 1 | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.12 | വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയത് | 636510 |
| 2 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2003-04 | 3.10 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വാട്ടർ അതോറിറ്റിയിൽ അടവാക്കിയത് | 76402 |
| 3 | റാന്നി ഗ്രാമപഞ്ചായത്ത് 2002-03 | 2.12 | തെരുവ് വിളക്ക് സ്ഥാപിക്കൽ വൈദ്യുതി ബോർഡിൽ അടവാക്കിയത് | 138100 |

| | | | | |
|---|---|---|---|---|
| 4 | കവിയൂർ ഗ്രാമപഞ്ചായത്ത് 2002-03 | 3.9 | ലൈൻ എക്സ്റ്റൻഷൻ - വൈദ്യുതി ബോർഡിൽ അടവാക്കിയത് | 181580 |
| | | 3.16 | വിവിധ കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിയിൽ അടവാക്കിയത് | 118480 |
| 5 | എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് 2003-04 | 3.2 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ വെണ്ണിക്കുളം അസി. ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർക്ക് അടവാക്കിയത് | 27250 |
| 6 | തുമ്പമൺ ഗ്രാമപഞ്ചായത്ത് 2002-03 | 2.9 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ വൈദ്യുതി ബോർഡിൽ അടവാക്കിയത് | 67960 |
| 7 | ചെറുകോൽ ഗ്രാമ പഞ്ചായത്ത് 2002-03 | 2.9 | ലൈൻ എക്സ്റ്റൻഷൻ - വൈദ്യുതി ബോർഡിൽ അടവാക്കിയത് | 203800 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.18.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.12 (വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയത്).

<u>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2003-04)</u>

ഖണ്ഡിക 3.10 (പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വാട്ടർ അതോറിറ്റിയിൽ അടവാക്കിയത്).

<u>റാന്നി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 2.12 (തെരുവ് വിളക്ക് സ്ഥാപിക്കൽ വൈദ്യുതി ബോർഡിൽ അടവാക്കിയത്).

<u>കവിയൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.9 (ലൈൻ എക്സ്റ്റെൻഷൻ-വൈദ്യുതി ബോർഡിൽ അടവാക്കിയത്).

ഖണ്ഡിക 3.16 (വിവിധ കുടിവെള്ള പദ്ധതികൾ - വാട്ടർ അതോറിറ്റിയിൽ അടവാക്കിയത്).

എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2003-04)

ഖണ്ഡിക 3.2 (തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

വെണ്ണിക്കുളം അസിസ്റ്റന്റ് ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർക്ക് അടവാക്കിയത്).

ഇുമ്പമൺ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03) .

ഖണ്ഡിക 2.9 (തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

വൈദ്യുതി ബോർഡിൽ അടവാക്കിയത്).

ചെറുകോൽ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)

ഖണ്ഡിക 2.9 (ലൈൻ എക്സ്റ്റൻഷൻ-വൈദ്യുതി ബോർഡിൽ അടവാക്കിയത്).

1. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**2. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോയിപ്രം, പുളിക്കീഴ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായും റാന്നി, കവിയൂർ, എഴുമറ്റൂർ, ഇുമ്പമൺ, ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യക്തിഗത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല**

ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി, ഇന്ദിരാ ആവാസ് യോജന ഭവനനിർമ്മാണം തുടങ്ങിയ വിവിധ വ്യക്തിഗത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഖണ്ഡിക | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.2 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി | 9 | 336250 |
| 2 | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2002-03 | 3.5<br>3.6 | ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണം | 5 | 60000 |

| | | | | | |
|---|---|---|---|---|---|
| 3 | മെഴുവേലി ഗ്രാമപഞ്ചായത്ത് 2002-03 | 2.17 | കക്കൂസ് നിർമ്മാണം | 4 | 4000 |
| 4 | കവിയൂർ ഗ്രാമപഞ്ചായത്ത് 2002-03 | 3.7 | ഭവന നിർമ്മാണം | 3 | 37800 |
| 5 | ചിറ്റാർ ഗ്രാമപഞ്ചായത്ത് 2001-02 | 2.2 | ഭവന നിർമ്മാണം (ജനറൽ) | 2 | 12000 |
| 6 | റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് 2002-03 | 3.12 | വിവിധ വ്യക്തിഗത ധനസഹായം | 3 | 15875 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.18.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.2 (ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി)

<u>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.5, 3.6 (ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണം)

<u>മെഴുവേലി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 2.17 (കക്കൂസ് നിർമ്മാണം)

<u>കവിയൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.7 (ഭവന നിർമ്മാണം)

<u>ചിറ്റാർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2001-02)</u>

ഖണ്ഡിക 2.2 (ഭവന നിർമ്മാണം (ജനറൽ))

<u>റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

ഖണ്ഡിക 3.12 (വിവിധ വ്യക്തിഗത ധനസഹായം)

3. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**4. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുളിക്കീഴ്, കോയിപ്രം എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായും മെഴുവേലി, കവിയൂർ, ചിറ്റാർ, റാന്നി അങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**അംഗീകാരം ലഭിക്കാത്ത പദ്ധതിക്കായി ചെലവ് ചെയ്തു**

ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക നമ്പർ 3 -5

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ നിരണം ഗ്രാമപഞ്ചായത്തിലുള്ള വെള്ളാരംകേരി, അയ്യംകോനാരി എന്നീ പാടശേഖരങ്ങളിൽ 200 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്ത് 360 ടൺ നെല്ലുല്പാദനം ലക്ഷ്യമിട്ട ഈ പദ്ധതിക്ക് ഡി.പി.സി. യുടെ അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ 95853/- രൂപ കൺവീനർ ശ്രീ.പി.എ.ഐസക്കിന് നൽകുകയുണ്ടായി. എന്നാൽ ടി പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകിയിട്ടില്ല. ആദ്യഘട്ട പ്രവൃത്തിയായ നിലമൊരുക്കുന്നതിന് മുൻകൂർ നൽകിയ തുക വിനിയോഗിക്കുകയും പിന്നീട് വ്യക്തമായ കാരണങ്ങളില്ലാതെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. അംഗീകാരം ഇല്ലാത്ത പദ്ധതിക്കുവേണ്ടി ചെലവിട്ട 95853/- രൂപ പാഴായി. ഈ തുക വീഴ്ചക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.19.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**6. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കോട്ടയം ജില്ല**

**കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾക്ക് മുൻകൂർ കൈപ്പറ്റി പദ്ധതികൾ ഉപേക്ഷിച്ചു**

ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3.2

1996-97, 97-98 വർഷങ്ങളിലെ ഇ.എ.എസ്. ൽ ഉൾപ്പെടുത്തി കടുത്തുരുത്തി, തലയോലപ്പറമ്പ്, വെള്ളൂർ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 135000/- രൂപ മുൻകൂറിനത്തിൽ ബന്ധപ്പെട്ട കൺവീനർമാർക്ക് നൽകിയെങ്കിലും കൺവീനർമാർ പദ്ധതികൾ നിർവ്വഹിക്കാതെ ഉപേക്ഷിച്ചിട്ടുള്ളതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി കൺവീനർമാർക്ക് എതിരെ ആർ.ആർ. നടപടി സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും കൺവീനർമാർക്ക് നോട്ടീസ് അയയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കമ്മിറ്റി തീരുമാനമുണ്ടായിട്ടും കൺവീനർമാർക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.31.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**8. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ഇടുക്കി ജില്ല

ഓഡിറ്റ് ഖണ്ഡിക

### പൊതു പരാമർശങ്ങൾ
### നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല

വിവിധ ഏജൻസികളിൽ പദ്ധതി നിർവ്വഹണത്തിനായി പദ്ധതി പണം നിക്ഷേപിച്ചുവെങ്കിലും ഈ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനാൽ വൃഥാ ചെലവായി ഭവിച്ചു. വേലകൾ പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം | ഖണ്ഡിക | തുക | ഏജൻസി |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 2004-05 | 3-27 | 3014200 | കെ.എസ്.ഇ.ബി. |
| 2 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-4 | 939000 | കെ.എസ്.ഇ.ബി. |
| 3 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-4 | 300000 | കേരള ജല അതോറിറ്റി |
| 4 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 3-11 | 470540 | കെ.എസ്.ഇ.ബി. |
| 5 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-2 | 600000 | കെ.എസ്.ഇ.ബി. |
| 6 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-11 | 480800 | കെ.എസ്.ഇ.ബി. |
| 7 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 3-2 | 1026588 | കെ.എസ്.ഇ.ബി. |
| 8 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 3-4 | 226900 | കെ.എസ്.ഇ.ബി. |
| 9 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-11 | 47500 | കേരള ജല അതോറിറ്റി |
| 10 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-11 | 20000 | കെയ്ക്കോ |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.35.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3-27)

<u>അഴുത ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3-4; ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3-11)

<u>ദേവികുളം ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3.2)

<u>കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3-11)

<u>തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3-2)

<u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3-4)

<u>കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്</u>

(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3-11)

9. ഓഡിറ്റ് പരാമർശത്തിൻമേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽസൂചിപ്പിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**10. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല**

ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള

നടപടികൾ നിർവ്വഹണാധികാരികളും ഭരണ വകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം | ഖണ്ഡിക | തുക |
|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2004-05 | 3-29 | 17989797 |
| 2 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2003-04 | 3-3 | 1473063 |
| 3 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 3-5 | 1003899 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.35.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഇടുക്കി ജില്ലാ പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2004-05)

ഖണ്ഡിക 3-29

11. 2004-05 വർഷത്തെ ഓഡിറ്റ് പരാമർശത്തിലുണ്ടായിരുന്ന 40 ഫയലുകളിൽ 24 ഫയലുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ബാക്കിയുള്ള 16 ഫയലുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തിവരികയാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി-ഇൻ ചാർജ്ജ് സമിതിയെ ബോധിപ്പിച്ചു.

12. ഫയലുകൾ കണ്ടെത്തുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ലെന്നും ഫയലുകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കിയാൽ മാത്രമേ പരാമർശം ഒഴിവാക്കുവാൻ കഴിയുകയുള്ളുവെന്നും സമിതി വ്യക്തമാക്കി.

13. ഇനിയും കണ്ടെത്താനുള്ള ഫയലുകൾ ഒരു മാസത്തിനുള്ളിൽ കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

അഴുത ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2003-04)

ഖണ്ഡിക 3-3

14. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2004-05)

ഖണ്ഡിക 3-5

15. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആകെയുള്ള 8 ഫയലുകളിൽ 3 എണ്ണം ഫീൽഡ് തല പരിശോധന നടത്തിയിട്ടും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും ആകെ 10,03,899/- രൂപയുടെ രേഖകൾ ഹാജരാക്കാനുള്ളതിൽ 7,36,227/- രൂപയുടെ ഫയലുകൾ ഹാജരാക്കിയിട്ടുള്ളതിനാലും പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് ഫോട്ടോ സഹിതം ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**16. ഇടുക്കി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 40 ഫയലുകളിൽ ഇനിയും കണ്ടെത്താൻ അവശേഷിക്കുന്ന 16 ഫയലുകൾ കണ്ടെത്തുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മേൽ സൂചിപ്പിച്ച 16 ഫയലുകളും ഒരു മാസത്തിനുള്ളിൽ കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**17. അഴുത ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിലെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**18. അടിമാലി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുന്ന 8 ഫയലുകളിൽ 3 എണ്ണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആകെ 10,03,899/- രൂപയുടെ രേഖകൾ ഹാജരാക്കാനുള്ളതിൽ 7,36,227/- രൂപയുടെ ഫയലുകൾ ഹാജരാക്കിയിട്ടുണ്ട് എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പദ്ധതികൾ പൂർത്തീകരിച്ച് ഫോട്ടോ സഹിതം ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല**

പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നിയമപരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന് കൃത്യമായ കണക്കില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടുതൽ സ്ഥാപനങ്ങളും ക്യാഷ്ബുക്ക്, വരവ്-ചെലവ് രജിസ്റ്ററുകൾ എന്നിവ ശരിയാംവണ്ണം എഴുതുന്നതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക |
|---|---|---|---|
| 1 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 2-1 |
| 2 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 2-1 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.35.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ബ്ലോക്ക് പഞ്ചായത്തുകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

അഴുത ബ്ലോക്ക് പഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2-1)

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2-1)

## നിഗമനങ്ങൾ/ശിപാർശകൾ

**20. അഴുത, തൊടുപുഴ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിയമപരമായ രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടുള്ളത് തുടർ ഓഡിറ്റുകളിൽ പരിശോധിച്ചിട്ടുള്ളതാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## എറണാകുളം ജില്ല

ഓഡിറ്റ് ഖണ്ഡിക

**പൊതു പരാമർശങ്ങൾ**

**മരാമത്തു പണികൾക്കും മറ്റും മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല**

ജില്ലയിലെ പല തദ്ദേശ ഭരണസ്ഥാപനങ്ങളിലും ഗുണഭോക്തൃ സമിതി കൺവീനർമാർ മരാമത്ത് പണികൾക്കായി മുൻകൂർ വാങ്ങിയിട്ട് പണി തുടങ്ങാതിരിക്കുകയോ, പണി പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുതായി കാണുന്നു. മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്ന് മുൻകൂർ തുക 12% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണെന്നും റവന്യൂ റിക്കവറി നടപടികൾ മുഖേന തിരിച്ചുപിടിക്കേണ്ടിവരുമ്പോൾ 18% പലിശ ഈടാക്കേണ്ടതാണെന്നും സർക്കുലർ നം.1073/ഡി.പി.1/03/ത.സ്വ.ഭ.വ. 27.03.03 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഇപ്രകാരം മുൻകൂർ വാങ്ങിയിട്ട് പണി പൂർത്തിയാക്കാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം | ഖണ്ഡിക | തുക | വിവരണം |
|---|---|---|---|---|---|
| 1 | കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | 01-02 | 2(6) | 10034 | 47600/- രൂപ നൽകിയെങ്കിലും 36666/- രൂപ മൂല്യം വരുന്ന പ്രവൃത്തി ചെയ്യുകയും പണി പൂർത്തിയാക്കാതെ 10034/- രൂപ കൺവീനർ കൈവശം സൂക്ഷിച്ചിരിക്കുകയുമാണ്. |
| 2 | ചൂർണിക്കര ഗ്രാമപഞ്ചായത്ത് | 01-02 | 2(12) | 200817 | 200817/- രൂപ കൺവീനർ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കാതെ ഇട്ടിരിക്കുന്നതായി രേഖകൾ പ്രകാരം മനസ്സിലാക്കുന്നു. |
| 3 | കുന്നുകര ഗ്രാമപഞ്ചായത്ത് | 02-03 | 2(13) | 11750 | 11750/- രൂപ നൽകിയെങ്കിലും പണി ഒന്നും നടത്തിയതായി കാണുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 02-03 | 2(4) | 35472 | 35472/- രൂപ നൽകിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. |
| 5 | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | 02-03 | 3(31) | 234745 | 234745/- രൂപ നൽകിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല |
| 6 | മുളവുകാട് ഗ്രാമപഞ്ചായത്ത് | 02-03 | 2(9) | 427510 | 427510/- രൂപ നൽകിയെങ്കിലും പണി നടത്താത്തതിനാൽ പാഴായി |
| 7 | ഉറവൂർ ഗ്രാമപഞ്ചായത്ത് | 04-05 | 3(19) | 516453 | വിവിധ ജോലികൾക്കായി 516453/- രൂപ നൽകിയെങ്കിലും വേലകൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു. |
| 8 | വടവുകോട് പുത്തൻകുരിശ് | 01-02 | 3(4) | 17000 | കിണർ, കക്കൂസ് നിർമ്മാണം |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.39.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2001-02)</u>

<u>ഖണ്ഡിക 2(6)</u>

21. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ചൂർണിക്കര ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2001-02)</u>

<u>ഖണ്ഡിക 2(12)</u>

22. മുണ്ടയത്ത്പറമ്പ് റോഡ് പണിയുടെ കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 2013 ൽ നോട്ടീസ് നൽകിയെങ്കിലും പ്രസ്തുത നടപടികൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ലെന്നും കളക്ടറേറ്റിൽ നിന്ന് റിപ്പോർട്ട് പരിശോധിച്ചശേഷം ആയതിന്റെ നിലവിലെ സ്ഥിതിയുടെ വിശദാംശം അറിയിക്കാമെന്നും നടപടി പൂർത്തിയായ

ശേഷം കളക്ടർ റിക്വിസിഷൻ നൽകിയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളുവെന്നും ഡിമാൻഡ് കളക്ഷൻ ബാലൻസിന്റെ അവലോകനത്തിൽ അതത് കളക്ടർമാർ പ്രസ്തുത ഫയലുകളുടെ പട്ടിക പരിഗണിക്കാറുണ്ടാകാമെന്നും കളക്ടേറ്റിലെ യോഗത്തിൽ അജണ്ടയായി പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് വകുപ്പിന്റെ ജില്ലാ മേധാവികൾക്ക് നിർദ്ദേശം നൽകാമെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിക്ക് മറുപടി നൽകി.

23. റവന്യൂ റിക്കവറി നടപടികൾ അനന്തമായി നീണ്ടുപോകുന്നതിൽ ആശങ്ക രേഖപ്പെടുത്തിയ സമിതി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയപരിധി നിശ്ചയിച്ച് റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കണമെന്നും കളക്ടറിൽ നിന്ന് കൺസോളിഡേറ്റഡ് റിപ്പോർട്ട് വാങ്ങിയശേഷം വകുപ്പ് തുടർനടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

<u>കുന്നുകര ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

<u>ഖണ്ഡിക 2(13)</u>

24. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

<u>ഖണ്ഡിക 2(4)</u>

25. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

<u>ഖണ്ഡിക 3(31)</u>

26. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>മുളവുകാട് ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

<u>ഖണ്ഡിക 2(9)</u>

27. <u>11.10.2000</u> ലെ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുവദിച്ചിട്ടുള്ള 'ഗ്രാമപഞ്ചായത്തിന് സ്വന്തം ബോട്ട്' എന്ന പദ്ധതി പൂർത്തിയായെങ്കിലും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ കൺവീനർക്ക് ബാക്കി തുക നൽകിയിട്ടില്ലെന്ന് മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

28. പഞ്ചായത്ത് വകുപ്പിലെ ഫിനാൻസ് ഓഫീസർ പ്രത്യേകം യോഗം വിളിച്ചുചേർത്ത് രണ്ട് പ്രാവശ്യം റിവ്യൂ നടത്തുകയും കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതി മുമ്പാകെ തെളിവെടുപ്പിന് ഹാജരാകണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

29. ബോട്ട് നിർമ്മാണ പദ്ധതിയിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിന്റെ മൊബിലൈസേഷൻ അഡ്വാൻസുമായി ബന്ധപ്പെട്ട് ഇരുപത്തിയെട്ട് കേസുകളുണ്ടെന്നും പ്രസ്തുത കേസുകളിലായി 7,22,604/- രൂപ ഈടാക്കിയതായും 3,55,005/- രൂപ കളക്ടർ തലത്തിൽ എഴുതിത്തള്ളിയതായും വകുപ്പ് തലവനോ സർക്കാരിനോ മാത്രമേ നിലവിൽ റവന്യൂ റിക്കവറി റിക്വിസിഷനിൽ എഴുതിത്തള്ളുന്നതിനുള്ള അധികാരമുള്ളൂ എന്നിരിക്കെ പ്രസ്തുത നടപടിയുടെ സാധുത പരിശോധിക്കേണ്ടതുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ വിശദീകരിച്ചു.

30. പഞ്ചായത്ത് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ കൺവീനർക്ക് ബാക്കി തുക നൽകിയിട്ടില്ലെന്നും ഇക്കാരണത്താൽ മുൻകൂർ നൽകിയ തുക ഈടാക്കുന്നതിന് നാളിതുവരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നുമുള്ള വിശദീകരണത്തിൽ വ്യക്തത വരുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം അന്തിമ തീരുമാനമെടുക്കുന്നതിനും സമിതി തീരുമാനിച്ചു.

31. മുളവുകാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റ് കേസുകൾ നേരിട്ട് പരിശോധിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

<u>തുറവൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2004-05)</u>

<u>ഖണ്ഡിക 3(19)</u>

32. ആകെയുള്ള ഒൻപത് പ്രവൃത്തികളിൽ അഞ്ച് എണ്ണത്തിന് 2014 ൽ റവന്യൂ റിക്കവറി നടത്തിയിട്ടുണ്ടെന്നും മറ്റുള്ളവയ്ക്ക് കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയതിനാൽ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ₹4,43,500/- കുടിശ്ശികയുണ്ടെന്നും സ്റ്റേ ഒഴിവാക്കുന്നതിനായി കോടതിയിൽ ഓപ്പൺ പെറ്റീഷൻ നൽകുന്നതിന് സ്റ്റാൻഡിംഗ് കൗൺസിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിശദീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തുടർനടപടികൾക്കായി സ്റ്റാൻഡിംഗ് കൗൺസിലിൽ നിന്നും നിർദ്ദേശം ലഭിച്ചാലുടൻ നടപടി സ്വീകരിക്കാമെന്ന് സമിതി മുൻപാകെ ഉറപ്പ് നൽകി.

33. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ല തിരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

34. ഇത്തരം പ്രശ്നങ്ങളിൽ വകുപ്പുതല അന്വേഷണം നടത്തി കർശന നിലപാട് സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

<u>വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2001-02)</u>

<u>ഖണ്ഡിക 3(4)</u>

35. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**36. കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും അധികമായി കൈപ്പറ്റിയ തുക കൺവീനർ തിരിച്ചടച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**37 ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 200817-രൂപയുടെ പ്രവൃത്തികളിൽ മുണ്ടയത്ത്പറമ്പ് റോഡ് പണി ഒഴികെയുള്ള പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. മുണ്ടയത്ത് പറമ്പ് റോഡ് പണിയുടെ കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി നോട്ടീസ് നൽകിയെങ്കിലും റിക്കവറി നടപടികൾ അനന്തമായി നീണ്ടുപോകുന്നതിൽ**

സമിതി ആശങ്ക രേഖപ്പെടുത്തുന്നു. റവന്യൂ റിക്കവറി നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ജില്ല കളക്ടറിൽ നിന്ന് കൺസോളിഡേറ്റഡ് റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം വകുപ്പ് തുടർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

38. കുന്നുകര ഗ്രാമപഞ്ചായത്തിൽ മുൻകൂർ തുക കൈപ്പറ്റിയ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

39. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ പദ്ധതി പൂർത്തീകരിച്ചതായും അധികമായി കൺവീനർ കൈപ്പറ്റിയ തുക പിഴപ്പലിശ സഹിതം അടവാക്കിയിട്ടുള്ളതായും ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

40. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശത്തിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

41. മുളവുകാട് ഗ്രാമപഞ്ചായത്തിലെ ' ഗ്രാമപഞ്ചായത്തിന് സ്വന്തം ബോട്ട് ' പദ്ധതിയുടെ കൺവീനർക്ക് പഞ്ചായത്ത് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ബാക്കി തുക നൽകിയിട്ടില്ലെന്നും ഇക്കാരണത്താൽ മുൻകൂർ നൽകിയ തുക ഈടാക്കുന്നതിന് നാളിതുവരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

42. മുളവുകാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പോസ്റ്റ് ഓഫീസ് നടപ്പാത, മഠം കരിഷ്മപള്ളി മുതൽ വാട്ടർടാങ്ക് വരെ റോഡ് ക്ലീനിംഗ്, പടക്കാട് ബണ്ട് പുനരുദ്ധാരണം, വലിയതറ പട്ടികജാതി കോളനി

അഴുക്കുചാലും കവർസ്ലാബും, റോഡ് സംരക്ഷണഭിത്തി എന്നീ പ്രവൃത്തികൾ ഓഡിറ്റ് വകുപ്പ് നേരിട്ട് പരിശോധിച്ചതിന് ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുളവ്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

44. മുളവുകാട് ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ 3,55,005 രൂപ ജില്ലാ കളക്ടർ എഴുതിത്തള്ളിയതായി തെളിവെടുപ്പ് യോഗവേളയിൽ പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു. തുക എഴുതിത്തള്ളുന്നതിന് സർക്കാരിന് മാത്രമേ അധികാരമുള്ളൂ എന്നതിനാൽ പ്രസ്തുത നടപടിയുടെ സാധുത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

45. ഇറവൂർ ഗ്രാമപഞ്ചായത്തിലെ ഉളുപ്പുകവല പട്ടികജാതി കോളനി റോഡ്, മുല്ലശ്ശേരി ഇറിഗേഷൻ പുനരുദ്ധാരണം, കനാൽ ചുണ്ടേക്കാട് റോഡ് സൈഡ് കെട്ടൽ, ദേവഗിരി കിഴക്കേകവല കനാൽ ബണ്ട് റോഡ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ശേഷിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

46. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ മുൻകൂർ തുക കൈപ്പറ്റിയ പ്രവൃത്തി പൂർത്തീകരിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടുവെന്ന് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി പൂർത്തിയാക്കാതെ പണി പാതിവഴിയിൽ ഉപേക്ഷിച്ചു**

പല മരാമത്തുപണികളും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളും പാതിവഴിയിൽ ഉപേക്ഷിച്ചതായും ലക്ഷ്യം പൂർത്തീകരിക്കാത്തതായും കാണുന്നു. തന്മൂലം പദ്ധതിപ്പണം പാഴായിപ്പോകുന്നു.

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക (രൂപ) | വിവരണം |
|---|---|---|---|---|---|
| 1 | മുക്കന്നൂർ ഗ്രാമപഞ്ചായത്ത് | 03-04 | 3(12) | 151842 | ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ 151842/- രൂപയുടെ വേലകൾ മുക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ സ്കീമായി ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിൽ നടപ്പാക്കേണ്ട പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. അതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 2 | കുവപ്പടി ഗ്രാമപഞ്ചായത്ത് | 02-03 | 3(1) | 652232 | 1700-ഓളം ഏക്കർ സ്ഥലത്ത് ജലസേചനത്തിനും കുടിവെള്ളക്ഷാമ പരിഹാരത്തിനുമായി 652232/- രൂപ ചെലവഴിച്ചിട്ടും അധികൃതരുടെ അനാസ്ഥ മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാനായിട്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.39.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>മുക്കന്നൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2003-04)</u>

<u>ഖണ്ഡിക 3 (12)</u>

47. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>കുവപ്പടി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)</u>

<u>ഖണ്ഡിക 3(1)</u>

48. 1998-99 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണെന്നും പഞ്ചായത്ത് വിഭജനം നടന്നപ്പോൾ പദ്ധതി ഒക്കൽ പഞ്ചായത്തിന് കൈമാറിയെന്നും 2001-02-ൽ പദ്ധതി പൂർത്തിയാക്കി ഒക്കൽ ഗ്രാമപഞ്ചായത്തിന് നൽകിയെന്നും കുവപ്പടി ഗ്രാമപഞ്ചായത്ത് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

49. മോട്ടോർ വാങ്ങിയിട്ട് ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലെന്നും മോട്ടോർ സ്ഥാപിച്ചതിൽ നഷ്ടം വന്നിട്ടുണ്ടെന്നും മോട്ടോർ നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും മോട്ടോർ ഷെഡിലേക്ക് എത്തിച്ചേരാൻ കഴിയാത്ത വിധം സ്ഥലം കാട്ടുപിടിച്ച് കിടക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു. പഞ്ചായത്ത് വിഭജനം നടന്ന 2000 ന് ശേഷം 2004 ലാണ് പദ്ധതി ഒക്കൽ പഞ്ചായത്തിന് കൈമാറിയതെന്നും കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ കൈവശം വച്ചുതന്നെ മോട്ടോറിന് കേടുപാടുകൾ സംഭവിച്ചിരിക്കാമെന്നും സീനിയർ ഫിനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു.

50. 2018 ലെ വെള്ളപ്പൊക്കത്തിൽ ഷെഡ് ഉൾപ്പെടെ വെള്ളത്തിനടിയിലായെന്നും മോട്ടോർ ഷെഡിലേക്ക് എത്തിച്ചേരാൻ സാധിക്കാത്ത വിധം പടികൾ ഇടിഞ്ഞുകിടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 27.05.2004 ലെ തീരുമാനപ്രകാരം കുവപ്പടി ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി കൈമാറണമെന്ന് ആവശ്യപ്പെട്ട് കത്ത് കൊടുത്തിരുന്നുവെന്നും ഒക്കൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി വെളിപ്പെടുത്തി.

51. മോട്ടോർ സ്ഥാപിച്ച പദ്ധതി നിരീക്ഷിക്കാനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്കുണ്ടെന്നും പ്രസ്തുത മോട്ടോർ നിലവിലുണ്ടോയെന്നതിൽപോലും വ്യക്തതയില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. മോട്ടോർ സ്ഥാപിച്ചിരിക്കുന്നിടത്തേക്ക് എത്തുവാനുള്ള സംവിധാനം ഒരുക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി വിശദപരിശോധന നടത്തി യഥാർത്ഥ പ്രശ്നം മനസ്സിലാക്കുന്നതിന് വകുപ്പുതല സംവിധാനമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചു.

52. മോട്ടോറിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് ഗ്രാമവികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**53. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുക്കന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**54. കുവപ്പടി ഗ്രാമപഞ്ചായത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനുമായി മോട്ടോർ സ്ഥാപിച്ച പദ്ധതി നിരീക്ഷിക്കാനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്കുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. മോട്ടോർ ഷെഡിലേക്ക് എത്തിച്ചേരാൻ കഴിയാത്തവിധം സ്ഥലം കാടുപിടിച്ച് കിടക്കുകയാണെന്നും പ്രസ്തുത മോട്ടോർ നിലവിലുണ്ടോയെന്നതിൽ പോലും വ്യക്തതയില്ലെന്നും ഉദ്യോഗസ്ഥരുടെ മറുപടിയിൽ നിന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ പ്രസ്തുത മോട്ടോറിന്റെയും പദ്ധതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## നിർവ്വഹണോദ്യോഗസ്ഥൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ഓഡിറ്റ് സമയത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നിർവ്വഹണോദ്യോഗസ്ഥൻ വരവുചെലവ് രേഖകൾ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 12(2) പ്രകാരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഇത് ഗുരുതരമായ വിഴ്ചയാണ്.

| ക്രമ നം. | സ്ഥാപനം | വർഷം | ഖണ്ഡിക | തുക | നിർവ്വഹണോദ്യോഗസ്ഥൻ | വിവരണം |
|---|---|---|---|---|---|---|
| 1 | കന്നകര ഗ്രാമപഞ്ചായത്ത് | 02-03 | 2(7) | 181860 | വെറ്റിനറി സർജൻ | ചെലവഴിച്ച 181860/- രൂപയുടെ വൗച്ചറുകൾ, പ്രോജക്റ്റുകൾ, അനുബന്ധ രേഖകൾ എന്നിവ വെറ്റിനറി സർജൻ ഹാജരാക്കിയിട്ടില്ല |
| 2 | വാഴക്കുളം ഗ്രാമപഞ്ചായത്ത് | 02-03 | 2(10) | 138457 | സി. ഡി.എസ് പ്രസിഡന്റ് | കുടുംബശ്രീയ്ക്ക് വേണ്ടി പ്രസിഡന്റ് നൽകിയ 138457/- രൂപയുടെ വിനിയോഗവിവരം ലഭ്യമല്ല |
| 3 | വാഴക്കുളം ഗ്രാമപഞ്ചായത്ത് | 02-03 | 2(16) | 496664 | കൃഷി ഓഫീസർ | രേഖകൾ ഹാജരാക്കാത്തതിനാൽ 02-03 വർഷത്തിൽ ചെലവായ 496664/- രൂപ തടസ്സം ചെയ്യുന്നു |
| 4 | കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | 02-03 | 2(10) | 331000 | ഫിഷറീസ് ഇൻസ്പെക്ടർ | പദ്ധതി നടത്തിപ്പിനായി നൽകിയ 331000/- രൂപ രേഖകൾ ഹാജരാക്കാത്തതിനാൽ തടസ്സം ചെയ്യുന്നു |
| 5 | വടവുകോട് പുത്തൻകുരിശ് | 00-01 | 3(7) | 20000 | സെക്രട്ടറി | കിണർ വൃത്തിയാക്കൽ |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.39.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കുന്നുകര ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)

ഖണ്ഡിക 2(7)

55. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

വാഴക്കുളം ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002-03)

ഖണ്ഡിക 2(10), ഖണ്ഡിക 2(16)

56. ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2002 -03)

ഖണ്ഡിക 2(10)

57. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2002-03 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 113 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും 105 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുമായി നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർക്ക് പഞ്ചായത്ത് 3,31,000 രൂപയുടെ ചെക്ക് കൈമാറുകയും പ്രസ്തുത തുക 17.01.2003 ന് ട്രഷറിയിൽ നിന്നും മാറുകയും ചെയ്തെങ്കിലും ഫയലുകൾ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കാത്തതിനാൽ 3,31,000/- രൂപ തടസ്സപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടാവുകയും സ്റ്റീനിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തുടർനടപടികൾ ആലോചിക്കുന്നതിനായി